# GREGORIAN VOICE



**Monthly newsletter of St.Gregorios Jacobite Syrian Orthodox Church, Dublin**

(For private circulation only)

**August 2015**

# Hearty Condolences



**We express our heartfelt condolences on the sad demise of Mr. P.A Chacko father of Mr. Baiju Chacko.**

**—————————————————-**

Vica's Desk :

## മനുഷ്യജീവിതത്തിന്റെ ദൈർഘ്യം എത്ര മാത്രം?

മനുഷ്യജീവിതത്തിന്റെ ദൈർഘ്യം എത്ര മാത്രം? പലപ്പോഴും നാം നമ്മുടെ ഭാവിയേക്കുറിച്ച് കണക്കുകൾ കൂട്ടുന്നത് അനവധി വർഷങ്ങൾ നമ്മുടെ മുൻപിൽ ഉണ്ട് എന്ന ബോധ്യത്തിലാണ്. ഇന്ന് നാം വായിച്ചറിഞ്ഞതോ കേട്ടറിഞ്ഞതോ ആയ ചരമവാർത്തകൾ യാതൊരു പ്രതികരണവും നമ്മിൽ ഉണ്ടാക്കാതെ കടന്ന് പോകുന്നതും ഈയൊരു മിഥ്യാധാരണയുടെ അടിസ്ഥാനത്തിലായിരിക്കാം.... "പാമ്പിന്റെ വായിൽ അകപ്പെട്ട് ജീവനുവേണ്ടി പിടയുന്ന തവള തന്റെ മുന്നിലൂടെ പറന്ന് പോകുന്ന ചെറുപ്രാണിയെ പിടിക്കുവാൻ നാക്ക് നീട്ടുന്നത് പോലെയാണ് കാലമാകുന്ന പാമ്പിനാൽ പിടിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ സുഖഭോ?ങ്ങൾ തേടുന്നത്? എന്ന കവിവാക്യം പ്രത്യേകം അനുസ്മരണീയമാണ്..

കർത്താവ് ഇപ്രകാരം ഒരു ഉപമ പറഞ്ഞു. ഒരു മനുഷ്യന് വളരെ വലിയ വിളവ് ഉണ്ടായി. തന്റെ വയലിലെ സംയദ്ധമായ വിളവിനെ കണ്ട് ആ മനുഷ്യന്റെ ഉള്ള് കോരിത്തരിച്ചു. അവൻ തന്റെ പത്തായപ്പുരയിലേയ്ക്ക് സൂക്ഷിച്ച് നോക്കി. പത്തായപ്പുരയെ വിപുലപ്പെടുത്തുവാനുള്ള പദ്ധതി തയ്യാറാക്കി. അവൻ തന്നോട് തന്നെ പറഞ്ഞു: തിന്നുക, കുടിക്കുക, മദിക്കുക. എന്നാൽ അവനവന് വേണ്ടി മാത്രം കരുതുന്ന ഈ മനുഷ്യന്റെ സന്തോഷത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് ദൈവം ചോദിച്ചു: "ഈ രാത്രിയിൽ നിന്റെ ആത്മാവിനെ നിന്നോട് ചോദിച്ചാൽ നീ കരുതിവച്ച സമ്പാദ്യം എവിടെയാകും?"

പലപ്പോഴും ഈ ലോകത്തിന്റെ തിരക്കുകൾക്കും മോഹങ്ങൾക്കും പിന്നാലെ കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ പായുന്ന പരക്കം പാച്ചിലിനിടയിൽ നാം മറന്ന് പോകുന്ന ഒരു കാര്യം ഈ ജീവിതത്തിന്റെ ക്ഷണികതയേക്കുറിച്ചാണ്. ഞായറാഴ്ച ദൈവാലയത്തിൽ വന്നിട്ടും കുമ്പസ്സാരിക്കാതിരുന്നാൽ വീണ്ടും ഒരു കുമ്പസ്സരത്തിനുള്ള അവസരം ലഭിമെന്ന് ഉറപ്പുണ്ടോ?

ഞായറാഴ്ച ദൈവാലയത്തിൽ വന്നിട്ടും വി. കുർബാന അനുഭവിക്കാതിരുന്നാൽ, വീണ്ടും ഒരു കുർബ്ബാന അനുഭവിക്കുവാൻ സാധിക്കുമെന്നുറപ്പുണ്ടോ? ഒരുവനോട് മനസ്സിൽ ശത്രുതയുണ്ടെങ്കിൽ, അവനുമായി ഇന്ന് രമ്യതപ്പെടാതിരുന്നാൽ, അവനുമായി രമ്യപ്പെടാതെ ഈ ലോകത്തിൽ നിന്നും മാറ്റപ്പെടുകയില്ലെന്നുറപ്പുണ്ടോ? ഇന്ന് പാപാസക്തികളെ ഉപേക്ഷിക്കാതിരുന്നാൽ, പാപാസക്തികളോടെ ഈ ലോകത്തിൽ നിന്നും മാറ്റപ്പെടേണ്ടി വരികയില്ലയെന്നുറപ്പുണ്ടോ?

ശവസംസ്കാരക്രമത്തിൽ ഇപ്രകാരം പാടുവാൻ പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നു..”സോദരന്യോന്യം മല്ലിട്ടു...മധ്യേ മൃതിവേ?ം വന്നെത്തി“ പ്രിയപ്പെട്ടവരെ ഈ ദിവസം ദൈവം നമുക്ക് തന്നിരിക്കുന്ന ദാനമാകുന്നു. ഈ ദാനത്തെ മണ്ണിൽ കുഴിച്ചിടാതെ തമ്പുരാന്റെ നാമമഹത്വത്തിനുവേണ്ടി ഉപയോ?ിക്കുന്നുവെങ്കിൽ നിശ്ചയമായും താലന്തുകളെ വ്യാപാരം ചെയ്ത് വർദ്ധിപ്പിച്ച ദാസനെപ്പോലെ, അവിടുത്തെ അനുമോദനത്തിന് നാമും അർഹരായിത്തീരും.

സസ്നേഹം ജോബിയച്ചൻ

---

**Birthday Greetings to our beloved Stephen Choolaikottil**



# ശ്രേഷ്ഠ ബാവായുടെ രണ്ടാം ഇടവക സന്ദർശനം

രണ്ടാമത്തെ അപ്പോസ്തോലിക സന്ദർശനത്തിനായി നമ്മുടെ ഇടവകയിൽ എഴുന്നള്ളി വന്ന ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായിക്ക്, ഡബ്ലിൻ St.Gregorios Jacobite Church, സുറിയാനി പാരമ്പര്യത്തിന് യോഗ്യമായ രീതിയിൽ സ്വീകരണം നൽകി.

രാവിലെ 10:00 മണിയോടെ ഇടവകയിൽ എത്തിയ ബാവക്ക് ഇടവകക്ക് വേണ്ടി ട്രസ്റ്റി പൂച്ചെണ്ടുകൾ നൽകിയും ബഹു വികാരി കത്തിച്ച മെഴുകുതിരി നൽകിയും, ബഹു സഹ വികാരി കാപ്പാ ധരിപ്പിച്ചും ശ്രേഷ്ഠ ബാവയെ സ്വീകരിച്ചു. മുത്തുകുടകളും മേക്കട്ടിയുമായ് ഇടവകാഗങ്ങളും, കത്തിച്ച മെഴുകുതിരികളുമായി കുട്ടികളും മേല്പട്ടാചാര്യനു സ്വാഗതമേകി. ഇടവകയുടെ ഗായക സംഘം മനോഹരമായ ഗാനത്തോടെ ശ്രേഷ്ഠ പിതാവിനെ സ്വാഗതം ചെയ്തു.

ശ്രേഷ്ഠ ബാവായുടെ പ്രധാന കാർമികത്വത്തിൽ നടത്തപ്പെട്ട വിശുദ്ധ കുർബ്ബാന മധ്യേ നടത്തിയ പ്രസംഗത്തിൽ, അയർലണ്ടിലെ ദൈവ മക്കളോടൊപ്പം വീണ്ടും ആയിരിക്കാൻ ഇടനൽകിയ ദൈവത്തിനു ശ്രേഷ്ഠ ബാവ നന്ദി പറഞ്ഞു. 10 വർഷം പ്രായമായ ഈ ഇടവകക്ക് സ്വന്തമായി ഒരു പള്ളി ഉണ്ടായി കാണാനുള്ള ആഗ്രഹം ശ്രേഷ്ഠ ബാവാ പ്രകടിപ്പിക്കുകയും പള്ളി വാങ്ങാനുള്ള ക്രമീകരണങ്ങൾ എത്രയും വേഗം ആലോചിക്കുവാൻ കല്പിക്കുകയും ചെയ്തു.

വിശുദ്ധ കുർബ്ബാനക്ക് ശേഷം നടത്തപ്പെട്ട ജന്മദിനാഘോഷ സമ്മേളനത്തിൽ Rev Fr. Philip Varghese (മർത്തോമ സഭ), Rev Fr Jobbymon Skaria, Rev Fr Thomas Puthiyamadathil തുടങ്ങിയ വൈദീകർ ആശംസാപ്രസംഗം നടത്തി. ഇടവകക്ക് വേണ്ടി സെക്രട്ടറി യും വനിതാസമാജം സെക്രട്ടറി യും ജന്മദിനാശംസകൾ നേർന്നു. ബാവയുടെ 87 ആം പിറന്നാളിനോട് അനുബന്ധിച്ചു തയാറാക്കിയ Gregorian Voice ന്റെ പ്രത്യേക പതിപ്പ് ഇടവകയുടെ സമ്മാനമായി ട്രസ്റ്റി ബാവക്ക് സമർപ്പിച്ചു. തുടർന്ന് ഇടവകാംഗം പ്രത്യേകം തയ്യാറാക്കിയ ജന്മദിന കേക്ക് മുറിച്ച് മലങ്കരയുടെ യാക്കോബു ബുർദ്ദാന 87 ആം ജൻമദിനം ആഘോഷിച്ചു. തുടർന്നു ഇടവകംഗങ്ങൾ തയ്യാറാക്കിയ കേക്കും, പായസവും, സദ്യയോടും കൂടി ഇടവക ശ്രേഷ്ഠപിതാവിന്റെ ജന്മദിനം ആഘോഷമാക്കി.



# പൊയ്മുഖങ്ങൾ അഴിയുമ്പോൾ

*ഫാ:തോമസ് പുതിയാമടത്തിൽ*

കമ്പോളങ്ങളിൽ വിൽകുവാൻ വച്ചിരിക്കുന്ന പല സാധനങ്ങളും ഉപഭോക്താവിനെ ആകർഷിക്കത്തക്കവണ്ണം വളരെ മനോഹരമായ പുറംചട്ടയോടുകൂടിയാണ് അടുക്കി വച്ചിട്ടുണ്ടാവുക.എന്നാൽ യഥാർത്ഥത്തിൽ ആ സാധനത്തിൻെറ ഗുണം അല്ലെങ്കിൽ മൂല്യം പലപ്പോഴും വളരെ മോശമായിരിക്കും.ഇത് പലപ്പോഴും മനുഷ്യൻെറ സ്വഭാവ സവിശേഷതക ളുമായി ബന്ധപ്പെട്ടിരിക്കുന്നു.പുറമേ കാണുന്നതല്ല പലരുടെയും യഥാർത്ഥ വ്യക്തിത്വം.ഇം ഗ്ലീഷിൽ "പേഴ്സണാലിറ്റി"എന്ന പദം തന്നെ "പേഴ്സണാ" അഥവ മുഖം മൂടി എന്ന പദത്തിൽ നിന്ന് ആണ് എന്നത് ഇവിടെ ഏറെ പ്രസക്തമാണ്.

പണ്ട് കാലത്ത് ചൈനയിലെ ഒരു പ്രവിശ്യയുടെ ഭരണാധികാരിയായിരുന്നു ഹുയ്ൻ.വളരെ സത്യസന്ധനും നീതിനിഷ്ഠനുമായ ഭരണാധികാരിയായിട്ടാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്.അതിനാൽ കൈക്കൂലി കൊടുത്ത് കാര്യസാധ്യത്തിനായി പ്രജകളാരും ശ്രമിച്ചിരുന്നില്ല.ഒരിക്കൽ അദ്ദേഹത്തിൻെറ ഭരണ സീമയിൽ പെട്ട രണ്ട് ഗ്രാമത്തിലെ ജനങ്ങൾ തമ്മിൽ ഏറ്റ്മുട്ടി.അവരുടെ തർക്കം താമസിയാതെ ഹുയൻെറ അടുക്കൽ എത്തി.തർക്കതിൽ തങ്ങൾ തോൽക്കുമെന്ന് ഭയപ്പെട്ട ഗ്രാമവാസികൾ ഏത് വിധേനയും ഹുയനെ സ്വാധീനിച്ച് തങ്ങൾക്ക് വിജയം ഉറപ്പിക്കുവാൻ തീരുമാനിച്ചു.അതിനായി അവർ കണ്ടെത്തിയത് ഹുയൻെറ ഭാര്യയെയാണ്. പ്രലോഭിപ്പിക്കുന്ന സമ്മാനങ്ങളുമായി എത്തിയ ഗ്രാമവാസികളൊട് ഹുയൻെറ ഭാര്യ പറഞ്ഞു."സത്യസന്ധനും അഴിമതിയുടെ കറ പുരളാത്ത ആളുമാണ് എൻെറ ഭർത്താവ്.അതുകൊണ്ട് എന്ത് സമ്മാനം നിങ്ങൾ തന്നാലും അത് സ്വീകരിക്കുവാൻ നിവർത്തിയില്ല."പക്ഷെ അതി വേഗം നിരാശരാകുവാൻ ആ ഗ്രാമവാസികൾ തയ്യാറായില്ല,അവർ വീണ്ടും വീണ്ടും ആ സ്ത്രീയെ നിർബ്ബന്ധിച്ചു്. ഞങ്ങളെ പറ്റി ഭർത്താവിൻെറ അടുക്കൽ നല്ല വാക്ക് പറയണം,അതു പോലെ ഞങ്ങളുടെ ഒരു എളിയ സമ്മാനം സ്വീകരിക്കണം ".അവസാനം ഗ്രാമ വാസികളുടെ നിർബ്ബന്ധത്തിന് വഴങ്ങി ആ സ്ത്രീ പറഞ്ഞു"ശരി, ഞാൻ അദ്ദേഹത്തോട് പറയാം,എന്നാൽ നിങ്ങളുടെ സമ്മാനങ്ങൾ ഒന്നും വേണ്ട."പക്ഷെ ഗ്രാമീണർ നിർബന്ധിച്ചപ്പോൾ ഹുയൻെറ ഭാര്യ പറഞ്ഞു"എൻെറ ഭർത്താവ് ജനിച്ചത് എലിയുടെ വർഷത്തിൽ ആണ്,അതുകൊണ്ട് നിങ്ങൾ വെള്ളി കൊണ്ട് ഒരു എലിയെ നിർമ്മിച്ച് നൽകിയാൽ മതി".ഹുയൻെറ ഭാര്യ ആവശ്യപ്പെട്ടപോലെ വെള്ളി കൊണ്ട് ഒരു എലിയെ നിർമ്മിച്ച് നൽകി ഗ്രാമവാസികൾ തങ്ങളുടെ ആവശ്യം നടത്തിക്കിട്ടും എന്ന് ഉറപ്പാക്കി മടങ്ങി .ഹുയൻെറ ഭാര്യ ആ ഗ്രാമവാസികളെ പറ്റി നല്ല കാര്യങ്ങൾ ഹുയൻെറ മുൻപിൽ അവതരിപ്പിച്ചു.എന്നാൽ സമ്മാനം വാങ്ങിയ കാര്യം രഹസ്യമാക്കി വച്ചു.കാരണം,സത്യസന്ധനായ ഭർത്താവിനെ അവർ ഭയപ്പെട്ടിരുന്നു.

വർഷങ്ങൾ കഴിഞ്ഞു.ഹുയാൻ ജോലിയിൽ നിന്ന് വിരമിച്ചു.ഒരിക്കൽ അലമാരയ്ക്കുള്ളിൽ തൻെറ ഭാര്യ വളരെ ഭദ്രമായി സൂക്ഷിച്ചിരുന്ന വെള്ളികൊണ്ടുള്ള എലിയെ ഹുയാൻ കാണുവാൻ ഇടയായി.അയാൽ ഭാര്യയോട് കാര്യം തിരക്കി.അവർ പേടിച്ച് വിറച്ച് ആ വെള്ളി എലിയുടെ പിന്നിലെ രഹസ്യം വെളിപ്പെടുത്തി.അപ്പോൾ ഹുയാൻ പറഞ്ഞു"ഞാൻ ഒരു പോത്തിൻെറയോ അല്ലെങ്കിൽ ആനയുടെയോ വർഷത്തിൽ ജനിച്ചു എന്ന് നിനക്ക് അവരോട് പറയാമായിരുന്നു.നീ ഒരു പമ്പര വിഡ്ഢി തന്നെ"

ഹുയാൻ സത്യസന്ധനും അഴിമതിയുടെ കറ പുരളാത്തവനും ആണെന്നാണ് സകലരും ധരിച്ചിരുന്നത്.സ്വന്തം ഭാര്യ പോലും അങ്ങനെ വിശ്വസിച്ചിരുന്നു.എന്നാൽ യഥാർഥത്തിൽ അദ്ദേഹം സത്യസന്ധനായിരുന്നോ? സത്യസന്ധതയുടെ മുഖമൂടി അണിയുകയായിരുന്നില്ലേ ചെയ്തിരുന്നത്.സത്യസന്ധനെന്ന ഖ്യാതിയും നല്ല പേരും ആഗ്രഹിച്ച് അദ്ദേഹം അഴിമതി പ്രവർത്തിച്ചില്ല, എന്നാൽ ഹൃദയത്തിൽ അദ്ദേഹം അങ്ങനെയല്ലായിരുന്നു. നാം സത്യസന്ധരും അഴിമതിയുടെ കറ പുരളാത്തവരും ആയിരിക്കണം,എന്നൽ മറ്റുള്ളവരുടെ പ്രശംസയ്ക്കും കയ്യടിയ്ക്കും വേണ്ടി മാത്രമാണ് നാം സത്യസന്ധമായി പ്രവർത്തിക്കുന്നതെങ്കിൽ നമുക്ക് എന്ത് മേന്മയാണ് ഉള്ളത്.അത് കേവലം പൊയ്മുഖമണിയുക മാത്രമല്ലേ?

നമ്മുടെ സത്യസന്ധത ഹൃദയത്തിൻെറ ആഴത്തിൽ നിന്ന് പ്രവർത്തി പഥത്തിൽ കൊണ്ടുവരുവാൻ കഴിയണം.മറ്റുള്ളവരെ ഭയന്ന് സത്യസന്ധരാകുന്നതിൽ എന്ത് മേന്മയാണ് ഉള്ളത്?അതുപോലെ മറ്റുള്ളവരുടെ ആക്ഷേപത്തെ ഭയന്നിട്ടാണ് നാം തിന്മയിൽ നിന്ന് അകന്നിരിക്കുന്നതെങ്കിൽ നമ്മളും കപട ഹൃദയർ തന്നെ. അതുപൊലെ മറ്റുള്ളവരുടെ മുൻപിൽ അവതരിപ്പിക്കുവാൻ വേണ്ടിയാണ് നാം സത്യസന്ധരാകുന്നതെങ്കിൽ നമ്മുടെ അവസ്ഥ ദയനീയം തന്നെ.സകലതും അറിയുന്ന ,ഹൃദയങ്ങളെ തൂക്കി നോക്കുന്ന ദൈവ പിതാവിനു മുൻപിൽ ഒന്നും മറവായിരിക്കുകയില്ല.കുറച്ചു നാൾ സത്യസന്ധതയുടെ പൊയ്മുഖം എടുത്തണിഞ്ഞാലും സകലതും വെളിവാകുന്ന ഒരു ദിവസം ഉണ്ട് എന്ന് ഓർക്കുക.

നമ്മുടെ സത്യസന്ധതയും ആത്മാർത്ഥതയുമെല്ലാം ഹൃദയാന്തർഭാഗത്തിൽ നിന്ന് ആയിരിക്കുവാൻ നമുക്ക് പരിശ്രമിക്കാം.അങ്ങനെ നമ്മുടെ ജീവിതത്തിൻെറ കാന്തിയും മേന്മയും വർദ്ധിപ്പിക്കാം.

**തോമസച്ചൻ**

# എട്ടുനോയമ്പു പ്രാർത്ഥനായോഗ ക്രമീകരണങ്ങൾ - 2015

**01/09/2015- Tuesday**

Residence of Saju Daniel
Mobile : 0873215978
12B, Shanthala RD,
Beaumont
Dublin 9
Navigation link : https://goo.gl/maps/mB0uA

**02/09/2015- Wednesday**

Residence of Kooran Cherian Sunny,
Mobile : 0871249009
59, Trimbleston,
Goatstown,
Dublin 14
Navigation link : https://goo.gl/maps/c9xGR

**03/09/2015 - Thursday**

Residence of Joby Andrews
Mobile : 0879948186
22, Les Buissonnets Apts,
Sweetmans Ave,
Blackrock,
Navigation link : https://goo.gl/maps/jB1gY

**04/09/2015 - Friday**

Residence of Bibin George,
Mobile : 0879738297
49 Annagh Court,
Watervilla
Dublin-15.
Navigation link : https://goo.gl/maps/d73qh

05/09/2015 - Saturday
Knock Church

06/09/2015 - Sunday
Our Church

**07/09/2015 - Monday**

Residence of Binu B Anthinattu,
Mobile : 0877517155
76,Lanesborough Court,
ST Margrets Rd,
Finglas
Navigation link : https://goo.gl/maps/fe3Bz

**08/09/2015 - Tuesday**

Residence of Salim Mathew
Mobile : 0894400489
26 Liffy Glen,
Liffy Valley Park,
Lucan
Navigation link : https://goo.gl/maps/wvzi2

# 16 August 2015, Shoonoyo Noyambu Perunnaal (feast of assumption )

——————————————-

Our church celebrated feast of assumption on Sunday 16th August. The feast began with the Kodiyettu (Flag hosting) ceremony in the morning followed by Moonninmel Qurbana (Holy tri-mass). The mass was led by Rev. Fr. Abraham Paruthikunnel assisted by Rev. Fr. Jobbymon Skaria and Rev. Fr. Thomas Puthiyamadathil.



## Vacation Malayalam Class for Kids – 2015

നമ്മുടെ ഇടവകയിൽ ആരംഭിച്ച അവധിക്കാല മലയാള പഠനക്ലാസ്സുകൾ മികച്ച രീതിയിൽ നടത്തപ്പെട്ടു. കുട്ടികൾക്ക് പിറന്ന നാടിനെക്കുറിച്ചുള്ള അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മലയാളം ക്ലാസ്സുകൾ ധാരാളം കുട്ടികൾ പ്രയോജനപ്പെടുത്തി. കുട്ടികളെ പഠിപ്പിക്കാൻ മുന്നോട്ടുവന്ന എല്ലാ അദ്ധ്യാപകരെയും ഇടവകയുടെ പേരിൽ പ്രത്യേകം അഭിനന്ദിക്കുന്നു. മക്കളെ മാതൃഭാഷ പഠിപ്പിക്കാൻ മാതാപിതാക്കൾ കാണിക്കുന്ന താല്പര്യം പ്രത്യേകം ശ്ലാഘനീയമാണ് .



# Prayer meetings conducted in August

**Friday August 14, 2015 @ 7:00 PM**

**================================**

**Res. of : Raju Kuriakose,**

**11 Abbey Dale Rise,**

**Lucan. Co. Dublin.**

**Friday August 21, 2015 @ 7:00 AM**

**================================**

**Res. of: Bennet V Mathew,**

**5 Dunfierth Park,**

**Johnstown Bridge,**

**Enfield, Co. Meath.**





**Birthday Greetings to our beloved Tiya Tijo**

# We are proud of your Leaving Cert results

*Congratulations on your Achievements.*
*We are proud of your Leaving Cert Results.*
*Great Job. Keep It Up.*



**Sandra Joshy**



**Ashna Jiji**



**Merlin David**



**Noel Salim**



**Melvin Mobby**

**Birthday Greetings to our beloved Sneha Bibin**





**Birthday Greetings to our beloved Dhiva Jobis**

## Birthdays Celebrated in August

MAYA MATHEW

MANJU MANI

ALENA VARGHESE

LIDY THAMPI GEORGE

SMITHA VARGHESE

NEVA PHILIP

ANNA JACOB

NIYA MARIA NIJU

AASHIN ALEX

DEON JOHN

ATHEL JINS

JANET MARY GIJU

OLIVIA SUNNY

SNEHA BIBIN

THOMAS EDAKADAVIL MATHEW

SARA ANEESH

SHERLYN SAM

JOJAN P ELIAS

TIYA MARIAM TIJO

DHIVA SKARIAH

STEPHEN CHOOLAIKOTTIL

JAI K JOHN

NELLET BENNY

JOHAAN PAUL

TIJI PRASAD

EVELYN MARIAM RONY

## Anniversaries Celebrated in August

ALEX JACOB

JOSHY KURIAKOSE

LIJO JOHN

NELSON VARGHESE

SABU JOHN

Please email gregorianvoice@gmail.com with your suggestions and comments.

# യക്കോബായ സുറിയാനി ഓർത്തഡോക്സ് സഭ
## അയർലണ്ട്



# നോക്ക് മരിയൻ തീർത്ഥാടനവും
# വിശുദ്ധ കുർബാനയും

**2015 സെപ്തംബർ 5 ശനി**
**രാവിലെ11 മണിക്ക്**